**പൊതുമരാമത്ത് വകുപ്പ് ദേവികുളം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

5 (615) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ 2016-21 കാലയളവിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

&

(ബി) പദ്ധതികൾക്ക് അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ&ബി) 2016-21 കാലയളവിൽ പൊതുമരാമത്ത് (പാലങ്ങൾ) വകുപ്പ് മുഖേന നടപ്പാക്കിയ 'Budget Work 2018-19-Construction of Periyavara Bridge in Northern outlet Road' പൂർത്തീകരിച്ചിട്ടുണ്ട്. അനുവദിച്ച തുക-4 കോടി രൂപ. കെ.എസ്.റ്റി.പി. നടപ്പാക്കിവരുന്ന പദ്ധതിയാണ് ചെമ്മണ്ണാർ ഗ്യാപ് റോഡ്. കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതിക്കായി അനുവദിച്ച 2005 കോടി രൂപയിൽ ചെമ്മണ്ണാർ റോഡ് ഉൾപ്പെടുത്തി 146.67 കോടി രൂപയ്ക്ക് കരാർ ഒപ്പുവച്ച് നിലവിൽ 16% പണികൾ പൂർത്തീകരിച്ച്, പദ്ധതി പുരോഗമിച്ചുവരുന്നു.

കിഫ്ബി മുഖേന നടപ്പാക്കിയ പദ്ധതികൾ

ഉടുമ്പൻചോല-രാജക്കാട്- ആനച്ചാൽ-രണ്ടാം മൈൽ-ചിത്തിരപുരം റോഡിന് കിഫ്ബി 145.67 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. ഇപ്പോൾ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. മൂന്നാർ ഫ്ലൈഓവർ ബൈപാസ് റോഡ് നിർമ്മാണ പ്രവൃത്തിക്കായി 2017-18 വർഷത്തെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തുന്നതിനായി 35 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. നിലവിലെ അലൈൻമെന്റിന് മാറ്റം ആവശ്യമായി വന്നതിനാൽ അതിനനുസൃതമായി പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കി വരികയാണ്. നിരത്ത്, കെട്ടിടം, ദേശീയപാത വിഭാഗങ്ങളിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ഭരണ - സാങ്കേതിക അനുമതികൾ ലഭിച്ച പ്രവൃത്തികളിൽ ഇനിയും ആരംഭിക്കാനുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും അവയ്ക്കുള്ള കാലതാമസം എന്താണെന്നും വിശദമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

നിരത്ത് വിഭാഗത്തിനുകീഴിൽ ഇനിയും ആരംഭിക്കാനുള്ളത് "കല്ലാർ ലക്ഷ്മി റോഡ് മഞ്ഞപ്പടി വഴി km 0/000 മുതൽ km 4/000 വരെ" എന്ന പദ്ധതിയാണ്. ഈ പ്രവൃത്തിക്ക് കരാറായെങ്കിലും ഇതുവരെയും തുടങ്ങാത്തതിനാൽ കരാർ റദ്ദാക്കി പുനർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. കെട്ടിട വിഭാഗത്തിനുകീഴിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## പ്രവൃത്തികളുടെ ഗുണനിലവാരം

6(616) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ 3 ജില്ലകളിൽ (തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്) റീജിയണൽ ലബോറട്ടറികളും ബാക്കി 11 ജില്ലകളിൽ ജില്ലാ ലബോറട്ടറികളും നിലവിലുണ്ട്. പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ മാന്വലിലെ വ്യവസ്ഥകൾ കർശനമായി പാലിക്കണമെന്നും വകുപ്പിന്റെ കീഴിലുള്ള എല്ലാ പ്രവൃത്തികളും യഥാസമയം ജില്ലാ ലാബുകളെ അറിയിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. മൂന്ന് ഘട്ടങ്ങളിലായാണ് ഗുണനിലവാര പരിശോധന നടത്തുന്നത്. ആദ്യഘട്ടത്തിൽ പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരൻതന്നെ പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തി ഗുണമേന്മ ഉറപ്പുവരുത്തേണ്ടതാണ്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനകളാണ് വകുപ്പിന്റെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം നടത്തുന്നത്. പണി നടക്കുന്ന സ്ഥലത്ത് പോയി സാമ്പിൾ ശേഖരിച്ച് ഫീൽഡിൽവച്ച് നടത്താവുന്ന പരിശോധനകൾ ഫീൽഡിൽവച്ചും ലാബ് ടെസ്റ്റ് ആവശ്യമായി വരുന്നവ ലാബിൽ കൊണ്ടുവന്നും പരിശോധിക്കുന്നു. ക്വാളിറ്റി കൺട്രോൾ മാന്വലിലെ വ്യവസ്ഥകളനുസരിച്ച് തൃപ്തി കരമായ റിസൾട്ട് ലഭ്യമാകാത്തവ വകുപ്പിലെ തന്നെ വിജിലൻസ് വിഭാഗത്തെയും എക്സിക്യൂഷൻ വിഭാഗത്തെയും യഥാസമയം അറിയിക്കുന്നു. പണി പൂർത്തിയായ തിനുശേഷമാണ് മൂന്നാംഘട്ട പരിശോധനകൾ നടത്തുന്നത്. പണി പൂർത്തിയായ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ലാബുകളിലേയ്ക്ക് Non Destructive Test (NDT) നടത്തുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും സൈറ്റിൽ വച്ചുതന്നെ എല്ലാ ലബോറട്ടറി പരിശോധനകളും നടത്തുന്നതിനു മാവശ്യമായ ഉപകരണങ്ങൾ സജ്ജീകരിച്ചിട്ടുള്ള മൊബൈൽ ലാബ് 3 റീജിയണൽ ലാബുകളിലേയ്ക്ക് വാങ്ങുന്നതിനുമായി നടപടി സ്വീകരിച്ചുവരുന്നു.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly